## (24.) കല്ലേലി സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

**ഇടവക സ്ഥാപനദിനം (മദ്ധ്യസ്ഥൻ)**

വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ 1940 ജനുവരി 14-ാം കല്ലേലിയുടെ ആദ്യ ദേവാലയം കൂദാശ ചെയ്തു. തോട്ടുംകരപുരയിടത്തിൽ കുഞ്ഞാണ്ടിവക 38 സെന്റ് സ്ഥലം പള്ളി പണിയുവാനായി തന്നു. ഈ പള്ളിയുടെ കൂദാശ ചെയ്തത് മാർ ഈവാനിയോസ് പിതാവാണ്. കാലപ്പഴക്കംകൊണ്ട് വിശുദ്ധ കുർബാന അർപ്പിക്കുന്നതിന് സാധിക്കാതെവന്നു. ഇപ്പോൾ ഇത് സെമിനാരി ചാപ്പലായി ഉപയോഗിക്കുന്നു. നിലവിൽ പള്ളിയിരിക്കുന്ന സ്ഥലം കുഞ്ഞാണ്ടിയുടെ സഹോദരൻ തോട്ടുംകര മത്തായിയിൽ നിന്ന് 20 സെന്റ് സ്ഥലം വാങ്ങിയാണ് പള്ളി നിർമ്മിച്ചതും. ആദ്യം ഇത് ഓലഷെഡ് ആയിരുന്നു. മോൺ.സി.റ്റി.കുരുവിള അച്ചനാണ് ഓലഷെഡ് മാറ്റി പള്ളി നിർമ്മിച്ചുതന്നത്. ദേവാലയ കൂദാശ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് നിർവ്വഹിച്ചു.

നിലവിലുള്ള പള്ളിയുടെ കല്ലിടീൽ കർമ്മം 31/01/2013-ൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത നിർവഹിച്ചു. പുതിയ പള്ളിയുടെ കൂദാശാകർമ്മം അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് 24/05/2015-ൽ കൂദാശ ചെയ്ത് ഇടവക ജനങ്ങൾക്ക് സമർപ്പിച്ചു.

**ദൈവവിളി**

1. പട്ടരുമഠത്തിൽ ശ്രീ. ചെറിയാൻ ജോസഫിന്റേയും മറിയക്കുട്ടി ജോസഫിന്റേയും മകളായ സിസ്റ്റർ മരിയ വിയാനി, സെന്റ് വിൻസന്റ് സന്യാസിനി സമൂഹത്തിൽ ചേർന്നു. ഈ ഇടവകയിലെ ആദ്യ ദൈവവിളിയാണ് ഇത്.

2. തോട്ടാവള്ളിൽ ശ്രീ. റ്റി.ജി.ബേബിയുടേയും കുഞ്ഞമ്മ ബേബിയുടേയും മകളായ സിസ്റ്റർ ഗ്ലോറിയ എസ്.ഐ.സി. ബഥനി സന്യാസിനി സമൂഹത്തിൽ ചേർന്ന് ശുശ്രൂഷ ചെയ്യുന്നു.

3. തോട്ടുകര മുരുപ്പേൽ ശ്രീ. ജോസ് ബേബിയുടേയും സലോമി ജോസിന്റേയും മകൻ ഫാ.സോളമൻ ഒ.ഐ.സി. ബഥനി സന്യാസ സമൂഹത്തിൽ വൈദികനായി സേവനം ചെയ്യുന്നു.

**ഇടവകയുടെ അനുബന്ധ കുരിശടികളും കെട്ടിടവും**

1969-ൽ കല്ലേലി കോഴഞ്ചേരി മുരുപ്പിന് സെന്റ് ജോർജ്ജിന്റെ നാമത്തിൽ കുരിശടി പണിതു. 2001 മുതൽ 3 നോമ്പുകാലത്ത് മൂന്ന് ദിവസത്തെ കൺവൻഷൻ നടത്തികൊണ്ടിരിക്കുന്നു.

സെമിത്തേരി ചാപ്പലിന്റെ ഭാഗത്ത് വിശുദ്ധ മാതാവിന്റെ നാമിൽ ഒരു കുരിശടി പണിതു. റ്റി.സി. അലക്സ് തോട്ടുംകരയാണ് കുരിശടി പണിയുന്നതിന് സാമ്പത്തിക സഹായം നൽകിയത്.

**സണ്ടേസ്കൂൾ മന്ദിരം**

പള്ളിയുടെ അടിഭാഗം ചേർത്ത് ഒരു സണ്ടേസ്കൂൾ മന്ദിരം പണികഴിപ്പിച്ചു.

വൈദിക മന്ദിരം

പള്ളിയോട് ചേർന്ന് ഒരു വൈദിക മന്ദിരം പണിയുന്നതിന് 20/01/2019-ൽ ആരംഭിച്ചു. 28/04/2019-ൽ കൂദാശ ചെയ്ത് ഇടവകയ്ക്ക് സമർപ്പിച്ചു. ഇതിൽ പ്രിൻസ് കോയിക്കൽ അച്ചന്റെ പരിശ്രമവും, ശ്രീ. റ്റി.സി. ജോസ് തോട്ടുംകര സാമ്പത്തികം മുടക്കി പണി പൂർത്തീകരിച്ചു.

**ഇടവക സ്ഥാപനവുമായി എടുത്തുപറയേണ്ട വ്യക്തികൾ**

തോട്ടുംകരവീട്ടിൽ കുഞ്ചാണ്ടി, തോട്ടുംകര തങ്കമ്മ ചാക്കോ

തോട്ടുംകരവീട്ടിൽ റ്റി.സി. ജോസ്

ഫാ. ജെയിംസ് ഇലഞ്ഞിക്കൽ (പള്ളിപണിയും എല്ലാക്കാര്യങ്ങളും നടത്തിയത് അച്ചനാണ്)

**<u>കല്ലേലി ഇടവകയിൽ സേവനം ചെയ്ത വൈദികർ</u>**

| | | |
|---|---|---|
| 1. റവ.ഫാ. ഫിലിപ്പോസ് മേടയിൽ | - | 1940 - 1956 |
| 2. റവ.ഫാ. ശാമുവേൽ ശങ്കരത്തിൽ | - | 1956 - 1962 |
| 3. റവ.ഫാ. സി.റ്റി. കുരുവിള | - | 1962 - 1963 |
| 4. റവ.ഫാ. വർഗീസ് വടശേരി | - | 1963 - 1964 |
| 5. റവ.ഫാ. മാത്യു ഇലഞ്ഞിക്കൽ | - | 1964 - 1969 |
| 6. റവ.ഫാ. തോമസ് ചിറയത്ത് | - | |
| 7. റവ.ഫാ. തോമസ് പ്ലാവിള | - | 1970 - 1979 |
| 8. റവ.ഫാ. ജോൺ സി. പുത്തൻവീട്ടിൽ | - | 1979 - 1980 |
| 9. റവ.ഫാ. കോശി ചക്കാലമണ്ണിൽ | - | 1980 - 1982 |
| 10. റവ.ഫാ. വർഗീസ് ചീനിവിള | - | 1982 - 1984 |
| 11. റവ.ഫാ. മാത്യു കാലായിൽ | - | 1984 - 1986 |
| 12. റവ.ഫാ. തോമസ് നെരിയാട്ടിൽ | - | 1986 - 1990 |
| 13. റവ.ഫാ. ഡാനിയേൽ വടക്കേക്കര | - | 1990 - 2001 |
| 14. റവ.ഫാ. വർഗീസ് നടുതല | - | 2002 - 2006 |
| 15. റവ.ഫാ. ആന്റണി വയലിക്കരോട്ട് | - | 2006 - 2008 |
| 16. റവ.ഫാ. ഡാമിയൻ ഒ.ഐ.സി. | - | 2008 - 2010 |
| 17. റവ.ഫാ. ജയിംസ് ഇലഞ്ഞിക്കൽ | - | 2010 - 2015 |
| 18. റവ.ഫാ. പ്രിൻസ് കോയിക്കൽ | - | 2016 മുതൽ തുടരുന്നു. |